"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി.രാഖി.സി.കെ.-യുടെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ കാലം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1051/2024/AGRI തീയതി,തിരുവനന്തപുരം, 07-11-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നമ്പർ 969/2023/കൃഷി തീയതി 06/10/2023

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18/10/2024 ലെ ADFW/7122/2024-SB4 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറായി പരാമർശം (1) ഉത്തരവ് പ്രകാരം 18/10/2023 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിച്ച ശ്രീമതി.രാഖി.സി.കെ.-യുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാൾക്കെതിരെ വിജിലൻസ് അന്വേഷണമോ/അച്ചടക്ക നടപടിയോ നിലവിലില്ലെന്നും പ്രൊബേഷൻ കാലയളവിൽ ടിയാൻ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും വിനിയോഗിച്ചിട്ടില്ല എന്നും അതിനാൽ ടിയാളുടെ പ്രൊബേഷൻ 18/04/2024 പൂർവ്വാഹ്നം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കാവുന്നതാണെന്നും പരാമർശം (2) കത്ത് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് 18/10/2023 പൂർവ്വാഹ്നം കൃഷി അസിസ്റ്റന്റ് ഡയറക്ടറായി ജോലിയിൽ പ്രവേശിച്ച ശ്രീമതി.രാഖി.സി.കെ.-യുടെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ 18/04/2024

പൂർവ്വാഹനത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ശ്രീമതി.രാഖി.സി.കെ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം).

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA1/217/2024-AGRI)**

ഉത്തരവിൻ പ്രകാരം

Signed by
Aswathi S Poonkavanam
Date: 07-11-2024 15:19:00
സെക്ഷൻ ഓഫീസർ